പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2373 — 07.10.2016 ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോർജ് എം. തോമസ് | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) | കർഷക കടാശ്വാസ കമ്മീഷൻ ഇപ്പോൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) കാർഷിക മേഖലയിൽ ഉണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18.01.2007 ന മുമ്പായി സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകി വരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചു വരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാദ്ധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു. |
| (ബി) | കർഷക കടാശ്വാസ കമ്മീഷൻ പുനരുജ്ജീവിപ്പിക്കുന്നതിനും, കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നല്കുന്നതിലേക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21 മുതൽ 3 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ